സഹകരണസംഘം

*നമ്പർ. (നമ്പർ) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കയർ വ്യവസായസഹകരണസംഘാടിസ്ഥാനത്തിൽ നടത്തുന്നതിനു് എത്ര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(ബി) അതിൽ ഓരോന്നിലും ജോലി ചെയ്യുന്ന തൊഴിലാളികൾ ആകെ പിരിഞ്ഞിട്ടുള്ള ഷെയറിന്റെ എത്ര ശതമാനം ഷെയർ എടുക്കുന്നതിനു് സാധിച്ചിട്ടുണ്ടു്;

(സി) തൊണ്ടഴുക്കി ഫാക്ടറിയാക്കുന്ന തൊഴിൽ തൊഴിലാളി സഹകരണസംഘാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) ഉവ്വ്.

(ബി) സംഘങ്ങൾ കയർ വ്യവസായപ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതിനാൽ തൊഴിലാളികൾ എത്ര ശതമാനം ഷെയർ എടുത്തിട്ടുണ്ടെന്നു് ഇപ്പോൾ പറയുവാൻ നിവർത്തിയില്ല.

(സി) ഈ തൊഴിലും സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഒന്നായതിനാൽ, ഇതിലേക്കുമാത്രം പ്രത്യേകം സംഘങ്ങൾ സംഘടിപ്പിക്കുന്നില്ല.

പഞ്ചായത്തുകൾ

*നമ്പർ. (നമ്പർ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്തുകളുടെ delimitation പ്രവർത്തനം പൂർത്തിയായോ;

(ബി) പുതിയ വിജ്ഞാപനപ്രകാരം സംസ്ഥാനത്തിൽ ആകെ എത്ര പഞ്ചായത്തുകൾ ഉണ്ടാക്കാമെന്നാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഏകദേശം ന്യൂ ഠ പഞ്ചായത്തുകൾ ഉണ്ടാക്കാമെന്നാണു് ഉദ്ദേശിക്കുന്നതു്.

പഞ്ചായത്തു് തെരഞ്ഞെടുപ്പു്

*നമ്പർ. (നമ്പർ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പഞ്ചായത്തു് ആക്ടു് എന്ന നടപ്പിൽ വരുത്തുവാനാണുദ്ദേശിക്കുന്നതു്?

(ബി) പുതിയ ആക്ടനുസരിച്ചുള്ള പഞ്ചായത്തു തിരഞ്ഞെടുപ്പു എന്നാണു് നടത്തുവാനുദ്ദേശിക്കുന്നതു്?

(സി) പഞ്ചായത്തു തിരഞ്ഞെടുപ്പിനുള്ള വോട്ടർമാരുടെ ലിസ്റ്റു് പൂർത്തിയായിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പഞ്ചായത്തു ആക്ടു് അനുസരിച്ചുള്ള നിയമങ്ങൾ പൂർത്തിയായാൽ ഉടൻതന്നെ ആക്ടു് നടപ്പിൽ വരുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly